പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 7585 — 17.07.2012 ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| എ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള ശ്രുതി തരംഗം പദ്ധതി .<br><br>65 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലെയും കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശങ്ങളിൽ നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതി.<br><br>അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസ ധനസഹായം നൽകുന്ന സ്നേഹസ്പർശം പദ്ധതി.<br><br>ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതി.<br><br>മാതാപിതാക്കൾ ആരെങ്കിലും മരിച്ചു പോകുകയും ജീവിച്ചിരിക്കുന്നയാൾക്ക് അനാരോഗ്യത്താലും, സാമ്പത്തിക പരാധീനതയാലും കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ വിദ്യാഭ്യാസപരമായും മറ്റെല്ലാ രീതിയിലും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പ്രതിമാസധനസഹായം അനുവദിക്കുന്ന സ്നേഹപൂർവ്വം പദ്ധതി. |

നഗരങ്ങളിൽ എത്തിച്ചേരുന്നവർക്ക് ഒരു നേരത്തെ ഭക്ഷണമെങ്കിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന വിശപ്പുരഹിതനഗരം പദ്ധതി.

സംസ്ഥാനത്തെ 18 വയസ്സിനു താഴെ പ്രായമുള്ള മാരകരോഗ ബാധിതരായ കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ വഴി സൗജന്യ ചികിൽസ നൽകുന്ന താലോലം പദ്ധതി .

സംസ്ഥാനത്തെ 18 വയസ്സിനു താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തിരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികൾ വഴി സൗജന്യ ചികിൽസ നൽകുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് 2000/- രൂപ, 1000/- രൂപ നിരക്കിൽ പ്രതിമാസധനസഹായം നൽകുന്ന സ്നേഹസാന്ത്വനം പദ്ധതി

സംസ്ഥാനത്തെ അർഹരായ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുക എന്ന ലക്ഷ്യത്തോടു കൂടി പ്രാദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് അധിക പരിചരണം നൽകുന്നതിന് കെയർഗവേഴ്സിന്റെ സേവനം നൽകുന്ന പദ്ധതി .

ബി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ഓരോ പദ്ധതിക്കും നീക്കി വച്ചിട്ടുള്ള തുക എത്രയെന്നും നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

| ക്രമ നം. | പദ്ധതികളുടെ വിശദവിവരം | നീക്കി വച്ചിരിക്കുന്ന തുക | ചെലവാക്കിയ തുകയുടെ വിശദവിവരം |
|---|---|---|---|
| 1 | സ്നേഹസാന്ത്വനം | 2570 ലക്ഷം | 13,81,66,425/- |
| 2 | ആശ്വാസകിരണം | 2700 ലക്ഷം | 10,41,55,035/- |
| 3 | സ്നേഹസ്പർശം | 150 ലക്ഷം | 74,00,327/- |
| 4 | ക്യാൻസർ സുരക്ഷാ പദ്ധതി | 1392 ലക്ഷം | 10,46,69,082/- |
| 5 | താലോലം പദ്ധതി | 1000 ലക്ഷം | 7,63,39,045/- |
| 6 | വൈകല്യനിർണ്ണയ മെഡിക്കൽ ക്യാമ്പ് | 820 ലക്ഷം | 8,12,37,136/- |
| 7 | വയോമിത്രം പദ്ധതി | 400 ലക്ഷം | 1,51,17,586/- |
| 8 | വിശപ്പുരഹിത നഗരം പദ്ധതി | 60 ലക്ഷം | 2,67,73,232/- |
| 9 | ശ്രുതിതരംഗം പദ്ധതി | 600 ലക്ഷം | 7,68,688/- |
| 10 | ക്ഷേമ സ്ഥാപനങ്ങളിൽ കെയർ ഗിവർമാരെ നിയമിക്കുന്നതിന് | 30 ലക്ഷം | 26,62,274/- |

സി. പ്രസ്തുത പദ്ധതികൾക്ക് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ചെലവിട്ട തുക എത്രയാണെന്നും എത്ര പേർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ ?

| ക്രമ നം. | പദ്ധതികളുടെ വിശദവിവരം | ആകെ ചെലവായ തുക | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| | | 2010 - 2011 | 2011 - 12 | |
| 1 | സ്നേഹസാന്ത്വനം | 1,79,16,588 | 10,50,68,517 | 4070 |
| 2 | ആശ്വാസകിരണം | 43,84,944 | 8,05,97,808 | 22846 |
| 3 | സ്നേഹസ്പർശം പദ്ധതി | 13,40,609 | 42,31,353 | 541 |
| 4 | ക്യാൻസർ സുരക്ഷാ പദ്ധതി | 4,23,25,352 | 3,30,11,896 | 2432 |
| 5 | താലോലം പദ്ധതി | 1,42,46,380 | 4,99,31,526 | 4272 |
| 6 | വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പ് | 6,05,78,171 | 1,62,70,067 | 243652 |
| 7 | വയോമിത്രം പദ്ധതി | | 1,03,48,703 | 54513 |
| 8 | വിശപ്പുരഹിത നഗരം പദ്ധതി | 47,62,095 | 75,86,837 | 13,14,000 |
| 9 | ശ്രുതിതരംഗം പദ്ധതി | -- | 3,12,167 | 1 |
| 10 | സ്ഥാപനങ്ങളുടെ കെട്ടിടം നവീകരിച്ചത് | 3,07,96,050 | 77,84,100 | |
| 11 | സ്ഥാപനങ്ങളിൽ അഡിഷണൽ കെയർ ഗിവർമാരെ നിയമിച്ചത് | 12,19,500 | 13,36,290 | |
| 12 | അന്നദായിനിസ്കീം | 3,87,789 | - | 292 |
| 13 | സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് നിർമ്മിച്ച ഹ്രസ്വ ചിത്രം, പദ്ധതി പ്രവർത്തനങ്ങൾക്കായിട്ടുള്ള വർക്ക് ഷോപ്പുകൾ, മറ്റു ചെലവുകൾ | 40,67,025 | 22,37,052 | |

സെക്ഷൻ ഓഫീസർ